**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ – ജാഫർ മലിക്, ഐഎഎസ്)**

**തിരുവനന്തപുരം**

**ഉത്തരവ് നം. ഇ5/3169/2018** **തീയതി 27/05/2019**

വിഷയം :- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ശ്രീ മണികണ്ഠൻ നായർ.സി. എസ്, ക്ലാർക്ക് – നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 16/03/2018 ലെ ഇ5/3169/18 നമ്പർ നടപടിക്രമങ്ങൾ

2. സ.ഉ (സാധാ) നം.234/2019/സാനീവ തീയതി 09/05/2019

പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ.മണികണ്ഠൻ നായർ.സി.എസ്, ക്ലാർക്ക്, വനിത ശിശു വികസന ഡയറക്ടറേറ്റ് നെ **അച്ചടക്ക നടപടികൾ തുടരും എന്ന വ്യവസ്ഥയിൽ** സർവ്വീസിൽ പുന: പ്രവേശിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ മണികണ്ഠൻ നായർ.സി.എസ്, ക്ലാർക്കിനെ അച്ചടക്കനടപടികൾ തുടരുന്നതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി തിരുവനന്തപുരം അർബൻ 2 ഐസിഡിഎസ് പ്രോജക്ട് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം അർബൻ 2 ഐസിഡിഎസ് പ്രോജക്ട് ഓഫീസിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഷാജി.റ്റി.എൻ, സീനിയർ ക്ലാർക്കിനെ വനിതാ ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ മണികണ്ഠൻ നായർ.സി.എസ് ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ശ്രീ.ഷാജി.റ്റി.എൻ, സീനിയർ ക്ലാർക്കിനെ ശിശുവികസന പദ്ധതി ഓഫീസർ വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

To Publish in website

**(ഒപ്പ്)**

**സാമൂഹ്യനീതി ഡയറക്ടർ**

1. ശ്രീ മണികണ്ഠൻ നായർ.സി.എസ്, എൻ.ജി.ഒ ക്വാർട്ടേഴ്സ് നം. 649/610
   മേരാലന്നൂർ , പൂജപ്പുര, തിരുവനന്തപുരം
2. ശ്രീ ഷാജി.റ്റി.എൻ,
   സീനിയർ ക്ലാർക്ക്, ഐസിഡിഎസ് തിരുവനന്തപുരം അർബൻ 2

**പകർപ്പ്**

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. ശിശുവികസന പദ്ധതി ഓഫീസർ, ഐസിഡിഎസ് തിരുവനന്തപുരം അർബൻ 2
3. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. ഇ2 സീറ്റ്
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്